പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5526

24.5.2017 ൽ
മറുപടിക്ക്

**കെ.ടി. തോമസ് കമ്മീഷൻ ശിപാർശകളും ജനമൈത്രി പോലീസ് സംവിധാനവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഏതൊരാൾക്കും എപ്പോഴും സമീപിക്കാവുന്നതരത്തിൽ പോലീസിനെയും പോലീസ് സ്റ്റേഷനുകളെയും ജനസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) പോലീസ് സേവനം ജനങ്ങൾക്ക് ഫലപ്രദമായി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പോലീസിനെ ജനസൗഹൃദമാക്കുന്നതിനുള്ള കെ.ടി.തോമസ് കമ്മീഷന്റെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | ബി) പോലീസിന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് കെ.ടി. തോമസ് കമ്മീഷൻ വിവിധ വിഷയങ്ങളിൽ നൽകിയ ശിപാർശകളിൽ പോലീസിനെ ജനസൗഹൃദമാക്കുന്നതിനുതകുന്ന താഴെപ്പറയുന്ന ശിപാർശകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>__ശിപാർശ നം. 3.66__<br><br>Community Policing-നുവേണ്ടി രൂപീകരിച്ച Project Management Committee-യുടെ Chairperson ആയി ADGP, South Zone-നെ നിയമിച്ചിട്ടുണ്ട്.<br><br>__ശിപാർശ നം.3.84__<br><br>Community Policing നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |

സി) പോലീസിൽ ക്രിമിനലുകൾ ഉണ്ടാകുന്നത് തടയുന്നതിനായി റിക്രൂട്ട്മെന്റ് സമയത്ത് തന്നെ ക്രിമിനൽ സ്വഭാവവും പ്രവണതയും ഉള്ളവരെ കണ്ടെത്തി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

സി) റിക്രൂട്ട് ട്രെയിനിംഗിന് മുമ്പ് തന്നെ ഉദ്യോഗാർത്ഥികളിൽ നിന്ന് verification roll പൂരിപ്പിച്ച് വാങ്ങി ആയത് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്കും, എ.ഡി.ജി.പി. ഇന്റലിജൻസിനും അയച്ചു നൽകുകയും, ആയതിൻ പ്രകാരം ഉദ്യോഗാർത്ഥികൾ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് അറിയിച്ചുകൊണ്ടുള്ള Candidature clearance ലഭിച്ചതിനുശേഷം മാത്രമേ ഉദ്യോഗാർത്ഥികളെ നിലവിൽ ട്രെയിനിംഗിന് ഉൾപ്പെടുത്താറുള്ളൂ.

ഡി) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രീ പോലീസ് സംവിധാനം നടപ്പിലാക്കിയതു വഴി എന്തെല്ലാം മാറ്റങ്ങൾ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഡി) ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്ന പൂർവ്വകാല കേവല അവസ്ഥയിൽ നിന്നും അവരുടെ പ്രശ്നങ്ങളിലേയ്ക്കും, ആവലാതികളിലേയ്ക്കും അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന പോലീസിംഗ് സമ്പ്രദായമാണ് ജനമൈത്രി പോലീസ്.

സെക്ഷൻ ഓഫീസർ